റോഡുപണി.

284. [23] ശ്രീ. എൻ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ലാ–അമ്പലപ്പുഴ റോഡിന് എടത്വായിൽ നിന്നും പടിഞ്ഞാട്ട് റോഡിനുവേണ്ടി വെട്ടിപൊക്കിയിട്ടുള്ള ഉദ്ദേശം ആറ് ഫർലാംഗ് ഭാഗമെങ്കിലും സഞ്ചാരയോഗ്യമായ റോഡുവിഭാഗമാക്കണമെന്ന മെംബറന്മാരിൽ നിന്നും നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ;

(സി) 1955–56–ലെ ബഡ്ജറിലെങ്കിലും അതിന് തുക കൊള്ളിച്ചിട്ടുണ്ടോ ;

(ഡി) തിരുവല്ലാ–അമ്പലപ്പുഴ—റോഡ് പണിയുന്നതിന് ഗവണ്മെൻറിന്റെ ശ്രദ്ധ പതിയുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ശ്രദ്ധ പതിയുന്നതാണ്.

ശിശുസംരക്ഷണകേന്ദ്രം.

285. [24] ശ്രീ. എൻ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടത്വാ ആശുപത്രിയോടനുബന്ധിച്ച് ഒരു പ്രസവശുശ്രൂഷയും ശിശുസംരക്ഷണവും കേന്ദ്രം അനുവദിക്കണമെന്ന് നിയമസഭാസമാജികന്മാരിൽനിന്നോ, പൊതുജനങ്ങളിൽനിന്നോ വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു് നടപടി നടത്തിയിട്ടുണ്ട് ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഇലക്ട്രിസിറ്റി.

286. [25] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട താലൂക്കിൽ മേലുകര, കീക്കൊഴൂർ, വയലത്തല, പ്രാക്കാനം, വാഴമുട്ടം, ചീക്കിനാൽ, ഇലന്തൂർ കിഴക്ക്, കടമ്മനിട്ട എന്നീ സ്ഥലങ്ങളിലേയ്ക്ക് Rural Electrification Scheme അനുസരിച്ച് ഇലക്ട്രിസിറ്റി നീട്ടുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

നടത്തയാറിലെ ബഡ്ജറ്റ തുകകൊടുക്കുന്നതിനുവേണ്ടിയാണ് ഈ പ്രദേശങ്ങളിലേയ്ക്ക് ഇലക്ട്രിസിറ്റി നീട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്.

റോഡ് ടാർ ചെയ്യുന്നതിനുള്ള അപേക്ഷ.

287. [26] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട താലൂക്കിൽ അരുവാപ്പുലം ടൗൺഭാഗത്തുള്ള റോഡ് ടാർ ചെയ്യുന്നതിനുള്ള എർപ്പാട് ഗവണ്മെൻറ് ചെയ്യുമോ?

ഉത്തരം.

എർപ്പാട് ചെയ്യാം.

നെൽക്കൃഷിക്കാർക്ക് സൗജന്യങ്ങൾ.

288. [27] താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിക്കാർക്ക് 1-7-49 മുതൽ എന്തെല്ലാം സൗജന്യങ്ങൾ ഗവണ്മെൻറിൽ നിന്നും ചെയ്തിട്ടുണ്ട്;

(ബി) പമ്പിംഗ് സബ്സിഡി, മൺവർലോൺ ഈ ഇനങ്ങളിൽ നെൽക്കൃഷിക്കാർക്ക് എന്തെല്ലാം സൗജന്യങ്ങൾ എന്നു മുതൽ നൽകിവരുന്നു;

(സി) മേൽപ്പറഞ്ഞ രണ്ടിനങ്ങളിലായി നെൽക്കൃഷിക്കാരുടെ പക്കൽനിന്നും സൗജന്യം കൊടുത്തതു കഴിച്ച് എത്രയുക ഗവണ്മെൻറിലേയ്ക്ക് ഇടയായി കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇനി എന്തെങ്കിലും ഇടാകുവാനുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ;

(എഫ്) ഏതു കൊല്ലം മുതൽ;

(ജി) നെൽക്കൃഷിക്കാർക്ക് പൊതുവായും, കുട്ടനാട്ടിലെ പുഞ്ചക്കൃഷിക്കാർക്ക് പ്രത്യേകമായും നൽകിവരുന്ന സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വേർതിരിച്ചു പറയാമോ;

(എച്ച്) സ്റ്റേറിലാകമാനമുള്ള നെൽക്കൃഷിസ്ഥലത്തിൽ ആകെ എത്ര ഏക്കറാണ്.

(ഐ) അവയിൽ:—

(എ) ഒരുപ്പൂവ്.
(ബി) ഇരുപ്പൂവ്.
(സി) കോൾക്കൃഷി
(ഡി) കുട്ടനാട്ടിലെ നെൽപ്പാടങ്ങൾ.
(ഇ) വനം വെട്ടിത്തെളിച്ച് കൃഷി ചെയ്യുന്നവ.

(ജെ) മേൽപ്പറഞ്ഞ നെൽക്കൃഷിസ്ഥലങ്ങളിൽ നിന്നും 1949 അവസാനത്തിലും 1954 അവസാനത്തിലും എത്ര പറ നെല്ല് വീതം വിളവെടുപ്പുണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly